# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:27.05.2026**

## പ്രധാനവാർത്തകൾ

1. രാജ്യത്തെ റേഷൻ പൊതുവിതരണവുമായി ബന്ധപ്പെട്ട സാർത്ഥക്-പിഡിഎസ് പദ്ധതി ദീർഘിപ്പിക്കാൻ കേന്ദ്രമന്ത്രിസഭ യോഗ തീരുമാനം.
2. മുൻ മുഖ്യമന്ത്രി പിണറായി വിജയൻറെ വീട്ടിൽ ഉൾപ്പെടെ എൻഫോഴ്സ്മെൻറ് ഡയറക്ട്രേറ്റിൻറെ പരിശോധന. ഇഡി ഉദ്യോഗസ്ഥരെ ആക്രമിച്ച സംഭവത്തിൽ നാല് പേർ അറസ്റ്റിൽ.
3. ഇ ഡി റെയ്ഡ് രാഷ്ട്രീയ പകപോക്കലിന്റെ ഭാഗമെന്ന് സി.പി.ഐ (എം). രാഷ്ട്രീയ ഗൂഢാലോചനയില്ലെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. ഉദ്യോഗസ്ഥരെ ആക്രമിച്ചത് ലജ്ജാകരമെന്ന് ബി ജെ പി.
4. സ്നേഹത്തിൻറെയും സാഹോദര്യത്തിന്റെയും ഓർമ്മകളുമായി ഇസ്ലാം മത വിശ്വാസികൾ നാളെ ബലിപെരുന്നാൾ ആഘോഷിക്കും.
5. ജർമ്മനിയിലേയ്ക്കുള്ള നഴ്സിംഗ് പരിശീലനം ഇനി കേരളത്തിലെ എല്ലാ കോളേജുകളിലും. കരാറിൽ ഒപ്പുവെച്ച് നോർക്ക.
6. സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യത. 9 ജില്ലകളിൽ മഞ്ഞ ജാഗ്രതാ മുന്നറിയിപ്പ്. മോശം കാലാവസ്ഥയെ തുടർന്ന് മത്സ്യത്തൊഴിലാളികൾക്ക് ജാഗ്രതാ നിർദേശം.

**************

RNU TVPM

## കേന്ദ്രമന്ത്രിസഭ

രാജ്യത്തെ റേഷൻ പൊതുവിതരണവുമായി ബന്ധപ്പെട്ട സാർത്ഥക്-പിഡിഎസ് പദ്ധതി ദീർഘിപ്പിക്കാൻ കേന്ദ്രമന്ത്രിസഭ യോഗ തീരുമാനം. ഇതിനായി 25,530 കോടി രൂപയുടെ കേന്ദ്ര വിഹിതം

അനുവദിക്കും. സംസ്ഥാനങ്ങൾക്കിടയിലെ ഭക്ഷ്യധാന്യങ്ങളുടെ കൈമാറ്റം ഫലപ്രദമാക്കുന്നതിനും പൊതുവിതരണ സംവിധാനത്തിൻ്റെ നവീകരണത്തിനും പദ്ധതി സഹായകമാകുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. നിർമ്മൽ, ആശ, സാക്ഷം എന്നീ മൂന്ന് പ്രധാന AI അധിഷ്ഠിത സംവിധാനങ്ങളിലാണ് പദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നതെന്നും അദ്ദേഹം അറിയിച്ചു.

**************

## തീവ്ര വോട്ടർ പട്ടിക

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൻ്റെ നിയമസാധുത സുപ്രീം കോടതി ശരിവച്ചു. തെരഞ്ഞെടുപ്പ് കമ്മീഷൻ്റെ നടപടിക്രമങ്ങൾ 1950-ലെ ജനപ്രാതിനിധ്യ നിയമത്തിനും 1960-ലെ വോട്ടർ രജിസ്ട്രേഷൻ ചട്ടങ്ങൾക്കും വിരുദ്ധമാണെന്ന വാദം കോടതി തള്ളി. ബിഹാറിൽ SIR നടത്തുന്നതിനായി കഴിഞ്ഞ വർഷം ജൂണിൽ കമ്മീഷൻ പുറപ്പെടുവിച്ച വിജ്ഞാപനത്തെ ചോദ്യം ചെയ്ത് നൽകിയ ഹർജികളിലാണ് ചീഫ് ജസ്റ്റിസ് സൂര്യകാന്ത് ഉൾപ്പെട്ട ബെഞ്ചിൻ്റെ വിധി.

**************

## എൻഫോഴ്സ്മെൻ്റ് ഡയറക്ട്രേറ്റ് റെയ്ഡ്

മുൻ മുഖ്യമന്ത്രി പിണറായി വിജയൻ്റെ വീട്ടിൽ ഉൾപ്പെടെ വിവിധ ഇടങ്ങളിൽ എൻഫോഴ്സ്മെൻ്റ് ഡയറക്ട്രേറ്റ് ഇന്ന് പരിശോധന നടത്തി. തിരുവനന്തപുരം ബേക്കറി ജങ്ഷനിലെ വാടക വീട്ടിലും കണ്ണൂരിലെ വസതിയിലും മുൻ മന്ത്രി പി എ മുഹമ്മദ് റിയാസിൻ്റെ കോഴിക്കോടുള്ള വീട്ടിലും സിഎംആർഎൽ

RNUTVPM

ഓഫീസിലുമാണ് പരിശോധന നടന്നത്. എന്നാൽ റെയ്ഡിൽ ഒന്നും കണ്ടെത്താനായിട്ടില്ലെന്ന് ഇഡിയുടെ രേഖകളിൽ വ്യക്തമാക്കുന്നുണ്ട്. അതെസമയം, റെയ്ഡിന് പിന്നാലെ വിവിധ ഇടങ്ങളിൽ സിപിഎം പ്രവർത്തകർ നടത്തിയ പ്രതിഷേധ പ്രകടനം സംഘർഷത്തിൽ കലാശിച്ചു. പരിശോധനയ്ക്ക് ശേഷം പുറത്തിറങ്ങിയ ഉദ്യോഗസ്ഥർ സഞ്ചരിച്ച വാഹനങ്ങൾ പ്രവർത്തകർ ആക്രമിച്ചു.

**************

## റെയ്ഡ് - പ്രതികരണം

ഇ ഡി റെയ്ഡിനെ കുറിച്ച് അറിവുണ്ടായിരുന്നില്ലെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. ഇതിൽ രാഷ്ട്രീയ ഗൂഡാലോചനയില്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. ഇ ഡി റെയ്ഡ് രാഷ്ട്രീയ പകപോക്കലിന്റെ ഭാഗമാണെന്ന് സി.പി.ഐ (എം) സെക്രട്ടേറിയറ്റ് പ്രതികരിച്ചു. പ്രതിപക്ഷ പാർട്ടി നേതാക്കൾക്ക് എതിരെയുള്ള കരുതിക്കൂട്ടിയുള്ള നടപടിയാണ് ഇന്ന് നടന്നതെന്ന് മുൻ മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഇത്തരം നടപടികളിലൂടെ തളർത്തിക്കളയാൻ സാധിക്കില്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. ഇ.ഡി ഉദ്യോഗസ്ഥരെ ആക്രമിച്ച സംഭവം ലജ്ജാകരമാണെന്ന് ബിജെപി സംസ്ഥാന അധ്യക്ഷനും എം എൽ എയുമായ രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

**************

## പൊലീസ് നടപടി

ഇഡി ഉദ്യോഗസ്ഥരെ ആക്രമിച്ച സംഭവത്തിൽ നാല് പേരെ പൊലീസ് അറസ്റ്റ് ചെയ്തു. ദൃശ്യങ്ങളുടെ അടിസ്ഥാനത്തിലാണ് നടപടി. അറസ്റ്റുമായി ബന്ധപ്പെട്ട് സി പി ഐ എം നേതാക്കൾ പോലീസുമായി സമവായ ചർച്ച നടത്തിയിരുന്നു. തുടർന്നാണ് പൊലീസ് അറസ്റ്റിലേക്ക് നീങ്ങിയത്.

**************

RNU TVPM

<u>കേന്ദ്ര സർക്കാർ - 12 വർഷം</u>

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള എൻഡിഎ സർക്കാർ 12 വർഷം പൂർത്തിയാക്കി. 2014 മെയ് 26 നാണ് ശ്രീ നരേന്ദ്രമോദി പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തത്. കേന്ദ്രമന്ത്രിമാരും രാഷ്ട്രീയ - സാംസ്കാരിക രംഗത്തെ പ്രമുഖരും പ്രധാനമന്ത്രിക്ക് ആശംസകൾ അറിയിച്ചു.

**************

<u>കിസാൻ സമ്മാൻ നിധി (ഇൻട്രോ)</u>

കഴിഞ്ഞ 12 വർഷങ്ങളിൽ വിവിധ മേഖലകൾക്കായി നിരവധി ക്ഷേമ പദ്ധതികളാണ് കേന്ദ്ര സർക്കാർ നടപ്പാക്കിയത്. കർഷക കുടുംബങ്ങൾക്ക് പ്രതിവർഷം 6,000 രൂപ നേരിട്ടു നൽകുന്ന പദ്ധതിയാണ് പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധി. കർഷകർക്ക് മികച്ച പിന്തുണയാണ് പദ്ധതിയിലൂടെ ലഭ്യമാകുന്നതെന്ന് വയനാട് തവിഞ്ഞാൽ പഞ്ചായത്തിലെ കർഷകനായ മുരളീധരൻ ആകാശവാണി വാർത്തകളോട് പറഞ്ഞു.

(വോയിസ്)

RNU TVPM

**************

<u>ജർമ്മനി നഴ്സിംങ്</u>

ജർമ്മനിയിലേയ്ക്കുള്ള നഴ്സിംങ് പരിശീലനം ഇനി കേരളത്തിലെ കോളേജുകളിലും. ജർമ്മൻ ഫെഡറൽ റിപ്പബ്ലിക്കിന്റെ ഉടമസ്ഥതയിലുള്ള ഏജൻസിയും നോർക്ക റൂട്ട്സും ഇതിനുള്ള കരാർ കൈമാറി. രാജ്യത്താദ്യമായാണ് ഇത്തരത്തിലുള്ള കരാർ ഒപ്പിടുന്നത്. ജർമ്മ ഭാഷാ പരിശീലനവും ഉൾപ്പെടുന്നതിനാൽ കോഴ്സ് പൂർത്തിയാക്കുന്ന സമയത്തുതന്നെ വിദ്യാർത്ഥികൾക്ക് ജർമ്മനിയിൽ രജിസ്ട്രേഡ് നഴ്സ് ആയി ജോലി ചെയ്യുന്നതിനുള്ള അംഗീകാരം കൂടി പദ്ധതി വഴി ലഭിക്കും .

**************

## ബക്രീദ്

സ്നേഹത്തിൻറെയും സാഹോദര്യത്തിൻ്റെയും ഓർമ്മകളുമായി ഇസ്ലാം മത വിശ്വാസികൾ നാളെ ബലിപെരുന്നാൾ ആഘോഷിക്കും. ബക്രീദ്, വലിയ പെരുന്നാൾ എന്നീ പേരുകളിൽ അറിയപ്പെടുന്ന ബലി പെരുന്നാൾ സഹനത്തിൻറെ ഓർമ്മകളാണ് വിശ്വാസികൾക്ക് നൽകുന്നത്. പ്രവാചകനായ ഇബ്രാഹിം നബി ആദ്യ പുത്രനെ അല്ലാഹുവിൻ്റെ കൽപന മാനിച്ച് ബലി അർപ്പിക്കാൻ തയ്യാറായതിൻറെ ഓർമ്മപുതുക്കലാണ് വലിയ പെരുന്നാൾ.

**************

## സിവിൽ സർവ്വീസ് - ജിതേന്ദ്ര സിങ്

സിവിൽ സർവ്വീസിലെ വനിതാ പ്രാതിനിധ്യം 41 ശതമാനമായി ഉയർന്നതായി കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ്. 2024 സിവിൽ സർവ്വീസ് ബാച്ചിൽ രേഖപ്പെടുത്തിയ ഈ നേട്ടം സമകാലീന ഇന്ത്യയിലെ അവസരങ്ങളുടെ ജനാധിപത്യവൽക്കരണത്തിൻറെ പ്രതിഫലനമാണ് ഇത് സൂചിപ്പിക്കുന്നതെന്നും ന്യൂഡൽഹിയിൽ സിവിൽ സർവ്വീസ് ട്രെയിനികളുമായി സംവദിക്കവെ അദ്ദേഹം അറിയിച്ചു. അതെസമയം, സിവിൽ സർവീസസ് പ്രിലിമിനറി പരീക്ഷയുടെ പ്രൊവിഷണൽ ഉത്തരസൂചിക യുപിഎസ്‌സി പുറത്തിറക്കി. ഈ മാസം 31 ന് വൈകുന്നേരം 6 മണി വരെ, ഓൺലൈനായി പരാതികൾ സമർപ്പിക്കാമെന്ന് കമ്മീഷൻ അറിയിച്ചു

RNUTVPM

**************

## കേരളത്തിൽ മഴ

സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. മോശം കാലാവസ്ഥയ്ക്ക് സാധ്യതയുള്ളതിനാൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

**************

## മഴ-ആലപ്പുഴ (ഇൻട്രോ)

ആലപ്പുഴ ജില്ലയിൽ ശക്തമായ മഴയാണ് ഇന്ന് ലഭിച്ചത്.
കായൽ - കടലോരങ്ങളിലുള്ള താഴ്ന്ന പ്രദേശങ്ങളിലെ നിരവധി വീടുകളിൽ വെള്ളം കയറി.
**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ........**

(വോയിസ്)

**************

## വെളുത്തുള്ളി കൃഷി ഇടുക്കി(ഇൻട്രോ)

പശ്ചിമഘട്ടത്തിൻറെ മടിത്തട്ടിൽ പ്രകൃതി ഒരുക്കിയ അത്ഭുതമാണ് ഇടുക്കിയിലെ കാന്തല്ലൂർ വെളുത്തുള്ളി. ഔഷധഗുണവും തീക്ഷ്ണമായ രുചിയും കൊണ്ട് ലോകശ്രദ്ധ ആകർഷിച്ച ഈ വെളുത്തുള്ളി, ഇന്ന് കേരളത്തിൻറെ അഭിമാനമായ ഭൗമസൂചികാ പദവി നേടിയ ഉൽപ്പന്നം കൂടിയാണ്. കാന്തല്ലൂർ വെളുത്തുള്ളിയുടെ സവിശേഷതകളെ കുറിച്ച് **ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട് ........**

RNU TVPM

(വോയിസ്)

**************

## ശ്രീപത്മനാഭസ്വാമി ക്ഷേത്രം

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ വിലപിടിപ്പുള്ള വസ്തുക്കൾ നഷ്ടപ്പെട്ടു എന്ന തരത്തിൽ പ്രചരിക്കുന്ന മാധ്യമവാർത്താകൾ അടിസ്ഥാനരഹിതമാണെന്ന് ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർ. സുരക്ഷാ വീഴ്ചകൾ സംഭവിച്ചതായും, ഭക്തരുടെ വഴിപാടുകൾ ശരിയായി കൈകാര്യം ചെയ്തില്ല എന്നതും സംബന്ധിച്ച വാദങ്ങൾ ദുരുദ്ദേശ്യപരമാണെന്ന് കരുതുന്നതായി ഭാരവാഹികൾ അറിയിച്ചു.

**************

**************

********